LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പതിനൊന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

2006 ഫെബ്രുവരി 8, ബുധൻ

വാല്യം CXXVII] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 4

നിയമസഭ 2006 ഫെബ്രുവരി മാസം 8-ാം തീയതി ബുധനാഴ്ച രാവിലെ 8-30ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. തേറമ്പിൽ രാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

(i) വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ചോദ്യം നമ്പർ 40

സംസ്ഥാനത്തെ റേഷൻകടകളുടെ പ്രവർത്തനം

1 [*40] ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. സാജുപോൾ:
,, കെ. വി. കുഞ്ഞിരാമൻ:
,, എ. സി. മൊയ്തീൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റേഷൻ കടകളുടെ പ്രവർത്തനം പരിശോധിച്ചിട്ടുണ്ടോ;

(ബി) റേഷൻ കടകൾ മിക്കതും റേഷൻ സാധനങ്ങൾ വാങ്ങാൻ ആളില്ലാതെ പ്രവർത്തന രഹിതമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ റേഷൻ കടകൾ പ്രവർത്തനോന്മുഖമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് പറയാമോ.;

(ഡി) സംസ്ഥാനത്തെ പൊതുവിതരണ സമ്പ്രദായത്തെക്കുറിച്ച് വിലയിരുത്താൻ എന്തെങ്കിലും പഠനങ്ങൾ നടത്തിയിട്ടുണ്ടോ;

(ഇ) എങ്കിൽ പ്രസ്തുത പഠന റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(എഫ്) ഏതെല്ലാം ഭക്ഷ്യ സാധനങ്ങളാണ് ഇപ്പോൾ സംസ്ഥാനത്തെ റേഷൻ കടകൾ വഴി വിതരണം ചെയ്യുന്നതെന്ന് വ്യക്തമാക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പ് മന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ,

(എ) ഉണ്ട്.

(ബി & സി) റേഷൻ കടകൾ മിക്കതും സാധനങ്ങൾ വാങ്ങാൻ ആളില്ലാതെ പ്രവർത്തനരഹിതമായിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നിരുന്നാലും സർക്കാരിന്റെ താഴെപ്പറയുന്ന വിവിധ പദ്ധതികളിലൂടെ പൊതുവിതരണ ശൃംഖല ഒന്നുകൂടി ശക്തിപ്പെടുത്തുകയും റേഷൻ കടകളെ കൂടുതൽ പ്രവർത്തനോന്മുഖമാക്കുകയും ചെയ്തിട്ടുണ്ട്.

1. 5,95,800 കുടുംബങ്ങളെ ഉൾപ്പെടുത്തി എ. എ. വൈ. പദ്ധതി നടപ്പിലാക്കി.

2. അവശ്യ സാധനങ്ങൾ കേരളത്തിലെ എല്ലാ സ്ഥലങ്ങളിലും ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനായി തിരഞ്ഞെടുക്കപ്പെടുന്ന റേഷൻ കടകളെ നിശ്ചിത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ "സപ്ലൈകോ ശബരി സ്റ്റോഴ്സ്" എന്ന് നാമകരണം ചെയ്ത് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ലാഭം/ശബരി സൂപ്പർ മാർക്കറ്റിൽ കൂടി വിൽക്കുന്ന സാധനങ്ങൾ അതേ വിലയ്ക്ക് വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിനോടകം 1196 ശബരി സ്റ്റോറുകൾ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

3. 2002 മുതൽ റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്.

4. റേഷൻ കടകളുടെ പ്രവർത്തനം സംബന്ധിച്ച നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് കർശനമായും ഉറപ്പാക്കി വരുന്നു.

(ഡി) പഠനം നടത്തിയിട്ടുണ്ട്.

(ഇ) പഠന റിപ്പോർട്ട് ലഭ്യമായിട്ടുണ്ട്. പകർപ്പ് ആവശ്യമെങ്കിൽ ലഭ്യമാക്കാം

(എഫ്) റേഷൻ കടകളിലൂടെ അരി, ഗോതമ്പ്, പഞ്ചസാര എന്നിവ വിതരണം ചെയ്യുന്നു. കൂടാതെ തിരഞ്ഞെടുത്ത റേഷൻ കടകളായ സപ്ലൈകോ ശബരി സ്റ്റോറുകൾ വഴി ലാഭം/ശബരി സൂപ്പർ മാർക്കറ്റിന്റെ അതേ വിലയ്ക്ക് 13 ഇനം പലവ്യഞ്ജനങ്ങളും സപ്ലൈകോയുടെ ശബരി ബ്രാന്റ് ഉൽപ്പന്നങ്ങളും വിതരണം ചെയ്തു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, 1964-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് ഏർപ്പെടുത്തിയതിനേക്കാൾ ഏറ്റവും നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന നമ്മുടെ റേഷൻ കടകൾ ഇന്ന് നോക്കുകുത്തികളായിരിക്കുന്നു. നമ്മുടെ സംസ്ഥാനത്ത് റേഷൻ കടകളിലൂടെ വിതരണം ചെയ്യുന്ന പ്രധാന ഉൽപ്പന്നങ്ങളായ അരി, ഗോതമ്പ്, പഞ്ചസാര, മണ്ണെണ്ണ എന്നിവയ്ക്ക് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ എന്ത് വിലയായിരുന്നു; ഇപ്പോൾ അതിന്റെ വില എത്രയാണ്; എത്ര രൂപയുടെ വില വർദ്ധനവാണ് ഉണ്ടായതെന്ന് വിശദമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കിയിരുന്നു. എന്നാൽ ലക്ഷ്യാധിഷ്ഠിത റേഷനിംഗ് സമ്പ്രദായത്തിലേയ്ക്ക് വന്ന 1-6-1997 മുതൽ കേന്ദ്ര ഗവൺമെന്റിന്റെ തീരുമാനപ്രകാരം ബി. പി. എൽ. എന്നും, എ. പി. എൽ. എന്നും റേഷൻ കാർഡ് ഉടമകളെ രണ്ടായി തരം തിരിക്കേണ്ടതായി വന്നിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റേഷൻ അരിയ്ക്ക്, അങ്ങ് സൂചിപ്പിച്ചതുപോലെ വിലവർദ്ധനവ് ഉണ്ടായിട്ടില്ല. ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്ന അരിയുടെ വില കിലോഗ്രാമിന് 6.20 രൂപയും ഗോതമ്പിന്റെ വില 4.70 രൂപയുമാണ്. എ. പി. എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് നൽകുന്ന അരിയുടെ വില കിലോഗ്രാമിന് 8.90 രൂപയും ഗോതമ്പിന്റെ വില 6.70 രൂപയുമാണ്.

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര പുതിയ റേഷൻ കടകൾ അനുവദിച്ചിട്ടുണ്ട്. അതിൽ എത്രയെണ്ണം തുറന്നു പ്രവർത്തിക്കുന്നുണ്ട്; വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം കുറഞ്ഞതിനാൽ ഉപഭോക്താക്കളുടെ അഭാവം കാരണം ഇതിനകം അടച്ചുപൂട്ടപ്പെട്ട റേഷൻ കടകൾ എത്രയെന്നും തന്മൂലം ആത്മഹത്യ ചെയ്ത വ്യാപാരികൾ എത്രയെന്നും വിശദമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം റേഷൻ കടകൾ നടത്തിക്കൊണ്ടിരിക്കുന്ന ഉടമകൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽ വന്നിട്ടില്ല. മറ്റ് പല കാരണങ്ങൾകൊണ്ടും ആത്മഹത്യ നടന്നുകാണും. പക്ഷെ റേഷൻ കടകളിലെ പ്രശ്നം കാരണം ആത്മഹത്യ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഒരു തെറ്റിദ്ധാരണാജനകമായ ചോദ്യമാണ് അങ്ങ് ചോദിച്ചത്.

ശ്രീ. സാജുപോൾ: സർ, ബി. പി. എൽ., എ. പി. എൽ. വേർതിരുവുമൂലവും റേഷൻ സാധനങ്ങളുടെ വില കുത്തനെ ഉയരുന്നതുകൊണ്ടും യഥാർത്ഥത്തിൽ റേഷൻ സംവിധാനം ഇന്ന് തകർന്നുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഈ സംവിധാനത്തിൽ യാതൊരുവിധ കുറവുകളുമില്ലെന്ന് ഇവിടെ പ്രസ്താവിച്ചത് തികച്ചും വാസ്തവവിരുദ്ധമാണ്. ഇങ്ങനെ ഒരു അവസ്ഥ സംജാതമായ സാഹചര്യത്തിൽ കേരളത്തിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് എന്നുപറയുന്നത് ഏറ്റവും ജനോപകാരപ്രദമായ ആ

സംവിധാനത്തെ നിലനിർത്തുന്നതിന് ക്രിയാത്മകമായ ഏതെങ്കിലും നടപടികൾ ഗവൺമെന്റ് എടുക്കുമോ? ബി. പി. എൽ., എ. പി. എൽ. വേർതിരവ് വന്നപ്പോൾ അർഹരായവർ വിട്ടുപോകുകയും അനർഹരായവർക്ക് ഇതിൽ കയറികൂടാൻ കഴിയുകയും ചെയ്തിട്ടുണ്ട്. റേഷൻ കട ഉടമകൾ അങ്ങേയറ്റത്തെ ഗുരുതരമായ പ്രതിസന്ധിയിലാണ്. ഈ ഗുരുതര സാഹചര്യം പരിഗണിച്ച് ഈ സംവിധാനം നിലനിർത്തുന്നതിന് വേണ്ട ക്രിയാത്മകമായ എന്തെങ്കിലും പദ്ധതികൾ ഗവൺമെന്റ് തയ്യാറാക്കി നടപ്പിലാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, റേഷൻ കട ഉടമസ്ഥരുടെ കാര്യമാണ് അങ്ങ് ചോദിച്ചത്. റേഷൻ കട ഉടമസ്ഥർ ഒരു ഗുരുതരാവസ്ഥയിലുമല്ല. പക്ഷേ കേന്ദ്ര ഗവൺമെന്റ് ചില നടപടികൾ സ്വീകരിക്കാൻ പോകുന്നു എന്ന് പത്രങ്ങളിലൂടെ വാർത്തകൾ വന്നു. ഇന്നലെ സഭയിൽ അന്നേ ഞാൻ ഇതിന് മറുപടി പറഞ്ഞതാണ്. ഇവിടെ ഇന്ന് നിലവിലുള്ള റേഷനിംഗ് സമ്പ്രദായം തുടരണമെന്നും ബി. പി. എൽ. വിഭാഗത്തിൽപെട്ട ആളുകൾക്ക് ഇന്ന് വിതരണം ചെയ്തു കൊണ്ടിരിക്കുന്ന, ലഭ്യമായി കൊണ്ടിരിക്കുന്ന റേഷൻ അരിയുടെ അനുപാതത്തിൽ യാതൊരു വിധത്തിലുള്ള കുറവ് ഉണ്ടാകരുതെന്നുമുള്ള ശക്തമായ നിലപാട് തന്നെയാണ് സംസ്ഥാന ഗവൺമെന്റിനുള്ളത്. ഇത്തരത്തിൽ ഒരു പത്രവാർത്ത ഉണ്ടായതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഡൽഹിയിൽപോയി പ്രധാനമന്ത്രിയേയും ഭക്ഷ്യവകുപ്പ് മന്ത്രിയേയും കേരളത്തിന്റെ അഭിപ്രായം ഇന്നതാണെന്ന വിധത്തിൽ കാര്യങ്ങൾ അറിയിച്ചിട്ടുണ്ട്.

ശ്രീ. സാജു പോൾ: സർ, റേഷനിംഗ് സമ്പ്രദായം തകർച്ചയെ നേരിടുമ്പോഴും നിരവധി ഹോൾസെയിൽ ഏജൻസികൾ പുതിയതായി അനുവദിക്കപ്പെടുന്നുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഇടുക്കി ജില്ലയിലടക്കം ഇതുസംബന്ധിച്ച് ഹൈക്കോടതിയിലും മറ്റും കേസ് ഫയൽ ചെയ്തതായി പത്രവാർത്തകൾ കണ്ടു. അതുസംബന്ധിച്ചുള്ള വിശദാംശം വെളിവാക്കണം. അതുപോലെതന്നെ റേഷൻ കാർഡിന്റെ ബുക്ക് എറണാകുളം ജില്ലയിലടക്കം ഇന്ന് ലഭ്യമല്ലാത്ത സാഹചര്യമുണ്ട്. അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർപ്രകാശ്: സർ, റേഷൻ ഹോൾസെയിൽ ഏജൻസികൾ അനുവദിക്കുന്നുവെന്ന് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. അതിനെല്ലാം നിയമാനുസൃതമായിട്ടുള്ള നടപടികൾ നടന്നിട്ടുണ്ട്. അതല്ലാതെ നിയമത്തിന് വിരുദ്ധമായ ഒരു നടപടിയുമുണ്ടായിട്ടില്ല. കേരള റേഷനിംഗ് ഓർഡറിൽ പറഞ്ഞിട്ടുള്ള വ്യവസ്ഥകൾക്ക് വിധേയമായി തന്നെ കാര്യങ്ങൾ ചെയ്തിട്ടുണ്ട്. അതല്ലാതെ മറ്റ് കാര്യങ്ങളൊന്നും നടന്നിട്ടില്ല.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, കേരളം രാജ്യത്തിന് നൽകുന്ന വിലപ്പെട്ട സംഭാവനകൾ കൂടി പരിഗണിച്ചാണ് 1964-ൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സിസ്റ്റം ആരംഭിച്ചത്. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും ഭക്ഷ്യധാന്യം എത്തിക്കുക എന്ന

സദുദ്ദേശമായിരുന്നു ഇതിന്റെ പിന്നിലുണ്ടായിരുന്നത്. എന്നാൽ ഇന്ന് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ഏറെക്കുറെ പൂർണ്ണമായി തകരുകയും ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നുള്ള നിലയിലേയ്ക്ക് അതിന് പരിവർത്തനം വരികയും ചെയ്തു. അതിന്റെ ഭാഗമായി കേരളത്തിലെ റേഷൻകാർഡ് ഉടമകളിൽ മഹാഭൂരിപക്ഷവും ഇന്ന് റേഷൻ ഷോപ്പിനെ സമീപിക്കാത്ത സ്ഥിതിയിലാണ്. 64 ലക്ഷത്തോളം വരുന്ന റേഷൻ കാർഡ് ഉടമകളിൽ 44 ലക്ഷത്തിലേറെപ്പേർ ദാരിദ്ര രേഖയ്ക്ക് മുകളിലുള്ളവരാണ്. അവർക്ക് കൂടി ഫലം സിദ്ധിക്കുന്ന നിലയിൽ നിലവിലുള്ള പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റത്തെ ആ നിലയിൽതന്നെ നിലനിർത്താൻ ആവശ്യമായ എന്ത് സമ്മർദ്ദമാണ് നിലവിലുള്ള യു. പി. എ. ഗവൺമെന്റിൽ ഈ സർക്കാർ ചെലുത്തിയിട്ടുള്ളതെന്ന് അറിയിക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് പറഞ്ഞ ടാർജറ്റഡ് പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം ആരംഭിച്ചത്. 1-6-1997-ലാണ്. അങ്ങേയ്ക്ക് മനസ്സിലായിക്കാണുമെന്നു വിശ്വസിക്കുന്നു. യൂണിവേഴ്സൽ പബ്ലിക് സിസ്റ്റംതന്നെ നിലനിർത്തണമെന്നുള്ളതാണ് സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം. ഞാൻ തന്നെ കേന്ദ്ര ഭക്ഷ്യവകുപ്പു മന്ത്രി വിളിച്ചുകൂട്ടിയ പല യോഗങ്ങളിലും പങ്കെടുത്തപ്പോൾ നമ്മുടെ സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം ഇന്നതാണെന്ന് വ്യക്തമായി അറിയിച്ചിട്ടുണ്ട്; രേഖാമൂലം എഴുതുകൊടുത്തിട്ടുമുണ്ട്.

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, അങ്ങയുടെ ഉത്തരത്തിലെ സൂചന എനിയ്ക്ക് മനസ്സിലായി. പക്ഷെ അന്ന് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് വളരെ ഇച്ഛാശക്തിയോടെ കേന്ദ്രഗവൺമെന്റ് സബ്സിഡി നിഷേധിക്കുമ്പോഴും സബ്സിഡി കൊടുക്കാൻ ആവശ്യമായ നിലപാട് സ്വീകരിച്ചിരുന്നു. എന്റെ രണ്ടാമത്തെ ചോദ്യം ദാരിദ്രരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് പോലും അവർക്ക് ആവശ്യമുള്ള അരിയുടെ മുന്നിലൊന്നു മാത്രമേ പബ്ലിക്ക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം മുഖേന ലഭിക്കുന്നുള്ളൂ. അത് പൂർണ്ണമായി ലഭ്യമാക്കാനും ഭക്ഷ്യസുരക്ഷിതത്വത്തിന്റെ ഭാഗമായി മണ്ണെണ്ണയും മറ്റ് പല വ്യജ്ഞന സാധനങ്ങളും ഉൾപ്പെടെ എല്ലാ റേഷൻ കടകളിലൂടെയും ലഭ്യമാക്കാൻ ആവശ്യമായ സംവിധാനം ഉണ്ടാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ശ്രീ അടൂർപ്രകാശ്: സർ, ആദ്യത്തെ ഉത്തരത്തിൽതന്നെ ഇക്കാര്യം പറഞ്ഞിട്ടുണ്ട്. റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കേരളത്തിലെ 1,196 റേഷൻ കടകളിലൂടെ നിത്യോപയോഗ സാധനങ്ങൾ എത്തിച്ചുകൊടുത്തുകൊണ്ടിരിക്കുകയാണ്. റേഷൻ കടകളുടെ പുനഃസംഘടനം ഇക്കാര്യത്തിൽ ഉണ്ടാകണം എന്ന അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്. പരീക്ഷണം എന്ന നിലയിൽ ആദ്യഘട്ടമായി 10 ശതമാനം

LIBRARY ARCHIVES Kerala Legislative Assembly

റേഷൻ കടകളെ തിരഞ്ഞെടുത്തുകൊണ്ട് ഈ നടപടികൾ സ്വീകരിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി 1,196 റേഷൻ കടകളിൽ ഇതിനോടകം തന്നെ നിത്യോപയോഗ സാധനങ്ങൾ കൂടി എത്തിച്ചുകൊടുത്തിട്ടുണ്ട്.

ശ്രീ. എ. സി. മൊയ്തീൻ: സർ, ശബരി സ്റ്റോറുകൾ വഴി നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യാനുള്ള പദ്ധതിയുണ്ടെന്നു പറഞ്ഞു. ഫലത്തിൽ ഇപ്പോൾ റേഷൻ കടകളിൽ ആവശ്യമായ സാധനങ്ങൾ ലഭിക്കുന്നില്ല എന്ന സ്ഥിതിയുണ്ട്. ആവശ്യത്തിന് സാധനങ്ങൾ ലഭിക്കുന്നില്ല എന്നു മാത്രമല്ല ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ് ശബരി സ്റ്റോറുകൾ വഴി വിതരണം ചെയ്യുന്നത് എന്നും അതിന്റെ ഫലമായി ഈ പദ്ധതി ജനങ്ങൾക്ക് പ്രയോജനപ്പെടാതെ പോവുകയാണെന്നുമുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആവശ്യത്തിനു ഗുണനിലവാരമുള്ള സാധനങ്ങൾ ലഭ്യമാക്കാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഗുണനിലവാരം കുറഞ്ഞ സാധനങ്ങളാണ് കൊടുക്കുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഗുണനിലവാരമുള്ള സാധനങ്ങൾതന്നെയാണ് ഇന്നു മാവേലി സ്റ്റോറുകൾ മുഖാന്തിരവും ശബരി സൂപ്പർ മാർക്കറ്റും അതുപോലെ പുതുതായി ആരംഭിച്ച ശബരി സ്റ്റോറുകൾ മുഖാന്തിരവും കൊടുത്തുകൊണ്ടിരിക്കുന്നത്. ഇന്ന് വിറ്റുവരവിൽതന്നെ വളരെയധികം വർദ്ധനവ് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. മുൻകാലങ്ങളിൽ ഉണ്ടായിരുന്നതിനെക്കാൾ കോടിക്കണക്കിന് രൂപയുടെ വർദ്ധനവ് തന്നെ ഉണ്ടായിട്ടുണ്ട്. ഗുണനിലവാരം ഇല്ലാത്ത സാധനങ്ങളാണ് കൊടുത്തുകൊണ്ടിരിക്കുന്നതെങ്കിൽ ആ സാധനങ്ങൾ വിറ്റഴിക്കാൻ കഴിയില്ല എന്ന് അങ്ങേയ്ക്ക് അറിയില്ലേ?

ശ്രീ. എ. സി. മൊയ്തീൻ: സർ, മൂന്ന് രൂപയ്ക്ക് അരി വിതരണം ചെയ്യുമെന്ന പ്രഖ്യാപനം തൃശ്ശൂർ ജില്ലയിലെ പല റേഷൻ കടകളിലും കഴിഞ്ഞ ആഴ്ചയിൽ നടന്നിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അതിന് കാരണമായി റേഷൻ കടക്കാർ പറയുന്നത് ഈ നിശ്ചിത വിലയ്ക്കുള്ള അരി റേഷൻ കടക്കാർക്ക് കൊടുത്തിട്ടില്ലെന്നും കൂടിയ വിലയ്ക്ക് അവർ എടുത്ത അരി വിതരണം ചെയ്യണമെന്നുള്ള സർക്കാർ ഉത്തരവ് മാത്രമാണ് കിട്ടിയിട്ടുള്ളതെന്നുമാണ്. പഴയകാല അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഈ സംഖ്യ തിരിച്ചുകിട്ടാൻ സാധ്യതയില്ലാത്തതുകൊണ്ട് വിതരണം ചെയ്യാൻ കഴിയുകയില്ല എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്താക്കൾക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടില്ല എന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു കാര്യം വളരെ പ്രധാനപ്പെട്ടതാണ്. സംസ്ഥാന ഗവൺമെന്റ് 1-2-2006 ഫിബ്രവരി മാസം ഒന്നാം തീയതി മുതലാണ് മുൻ രൂപ വിലയ്ക്ക് കേരളത്തിലെ ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് 25 കിലോ ഗ്രാം ഭക്ഷ്യധാന്യം വിതരണം ചെയ്യാൻ തീരുമാനിച്ചത്. അത് ഗവൺമെന്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഏതാനും ചില സ്ഥലങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

അത് വിതരണം ചെയ്യാൻ എത്തിച്ചുകൊടുക്കുന്നതിന് ചില ആളുകൾ വിമുഖത കാണിച്ചു വെന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരം ഇടങ്ങളിൽ തീർച്ചയായും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം അതിശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. റേഷൻ കട ഉടമകളാണ് അത് കൊടുക്കാതിരിക്കുന്നതെങ്കിൽ അവർക്ക് എതിരേയും അതുപോലെതന്നെ ഇത് നടപ്പിലാക്കാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥർ അക്കാര്യത്തിൽ എന്തെങ്കിലും വീഴ്ച വരുത്തിയാൽ അവർക്ക് എതിരേയും ശക്തമായ നടപടികൾ സ്വീകരിക്കും എന്ന് സഭയെ അറിയിക്കുകയാണ്.

പ്രൊഫ. കെ. വി. തോമസ്: സർ, ഇന്ത്യയ്ക്ക് തന്നെ മാതൃകയായ ഒരു റേഷനിംഗ് സമ്പ്രദായമാണ് കേരളത്തിലുള്ളത്. ഇപ്പോൾ അനുഭവപ്പെടുന്ന പ്രധാനപ്പെട്ട പ്രശ്നം ബി. പി. എൽ., എ. പി. എൽ. എന്ന് രണ്ടായി തരംതിരിച്ചതിന്റെ അടിസ്ഥാനത്തിലുള്ളതാണ്. ഗവണ്മെന്റ് ജീവനക്കാർ പലരും ബി. പി. എൽ. ആവുകയും പാവപ്പെട്ട മത്സ്യത്തൊഴിലാളിയും ചുമട്ട് തൊഴിലാളിയും എ. പി. എൽ. ആവുകയും ചെയ്തു. ഞാൻ റേഷനിംഗ് അസ്സോസ്സിയേഷന്റെ പ്രസിഡണ്ടാണ്. ഞങ്ങൾ പതിനായിരം പേരെ പ്രതിനിധാനം ചെയ്യുന്ന സംഘടനയാണ്. ഇവിടെയുള്ള പല അംഗങ്ങളും, ശ്രീ. ജോണിനെല്ലൂർ, ശ്രീ. കെ. പി. രാജേന്ദ്രൻ എന്നിവരൊക്കെ ഈ സംഘടനയുമായി ബന്ധപ്പെട്ടിട്ടുണ്ട്. ഇതിൽ ഏറ്റവും വലിയ പ്രശ്നം ബി. പി. എൽ., എ. പി. എൽ. ലിസ്റ്റ് ആണ്. അത് ഫലപ്രദമായി പരിശോധിക്കണം. മറ്റൊന്ന് കേന്ദ്രഗവൺമെന്റ് ഇപ്പോൾ സ്വീകരിക്കുന്ന സമീപനം നമ്മുടെ റേഷനിംഗ് സമ്പ്രദായത്തെ അവസാനിപ്പിക്കുന്നതിന് വേണ്ടിയുള്ളതാണ് എന്നതാണ്. രാഷ്ട്രീയത്തിനതീതമായി, കേന്ദ്രത്തിൽ ഭരണ പങ്കാളിത്തമുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളും സംസ്ഥാനത്തിലെ എല്ലാ എം. പി. മാരും അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരികയും ഇന്ത്യയിൽ ഫലപ്രദമായി നടപ്പിലാക്കി വരുന്ന കേരളത്തിലെ റേഷനിംഗ് സമ്പ്രദായം നശിപ്പിക്കാനുള്ള ഒരു സമീപനം കേന്ദ്ര ഗവൺമെന്റ് എടുക്കാതിരിക്കുന്നതിന് ശ്രമിക്കുകയും വേണം. അതിനുവേണ്ടി സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നടപടിയെടുക്കണമെന്നാണ് പറയാനുള്ളത്.

ശ്രീ. അടൂർപ്രകാശ്: സർ, പ്രൊഫസർ കെ. വി. തോമസ് പറഞ്ഞതിനാവശ്യമായ നടപടികൾ ഇതിനോടകംതന്നെ സ്വീകരിച്ചു. അതിന്റെ ഭാഗമായിട്ടാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ ഇക്കാര്യം പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ 16 ലക്ഷം ടൺ അരിയാണ് റേഷൻ ഷോപ്പുകൾ മുഖേന വിതരണം ചെയ്തത്. ഇപ്പോൾ അത് നാല് ലക്ഷം ടൺ ആയി ചുരുങ്ങി. നാലരലക്ഷം ഗോതമ്പ് വിതരണം ചെയ്തിരുന്നത് ഒന്നര ലക്ഷം ടണ്ണായി ചുരുങ്ങി. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഭരിക്കുമ്പോൾ 355 കോടി രൂപയാണ് സബ്സിഡി കൊടുത്തത്. ഇവർ അത് വേണ്ട എന്ന് വച്ചു. മണ്ണെണ്ണയ്ക്ക് 2 രൂപ 85 പൈസ ഉണ്ടായിരുന്നത് 9 രൂപയായി

LIBRARY ARCHIVES Kerala Legislative Assembly

3.90 രൂപയായിരുന്ന അരിയുടെ വില (ബി. പി. എൽ.)-ന്റെ 6.20 രൂപയായി. അതുകൊണ്ട് സബ്സിഡികൊടുത്ത് ദാരിദ്രരേഖയ്ക്ക് താഴെയുള്ള പാവപ്പെട്ടവരുടെ അന്നം സംരക്ഷിക്കാൻ വല്ല നടപടിയും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ദാരിദ്ര രേഖയ്ക്ക് താഴെയുള്ള ആളുകൾക്ക് മുഴുവൻ ആനുകൂല്യങ്ങളും എത്തിച്ചു കൊടുക്കുന്നു. മൂന്നു രൂപ വിലയ്ക്ക് റേഷൻ കടകൾ വഴി ഭക്ഷ്യധാന്യങ്ങൾ നൽകുന്നതിനുവേണ്ടിയാണ് ഈ ഗവൺമെന്റ് നടപടിസ്വീകരിച്ചത്. ഈ ഗവൺമെന്റ് നടപടി സ്വീകരിച്ചുവെന്ന് പറയുമ്പോൾ സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് ഭക്ഷ്യധാന്യം മുന്ന് രൂപ വിലയ്ക്ക് കൊടുക്കാൻ പ്രതിജ്ഞാബദ്ധതയോടെ നടപടി സ്വീകരിച്ചുകൊണ്ട് പോവുകയാണ്. എന്തൊക്കെ പ്രതിബന്ധങ്ങൾ ഉണ്ടെങ്കിലും അതിനെ തരണം ചെയ്തുകൊണ്ട് ഇത് നടപ്പിലാക്കിയിരിക്കും.

ശ്രീ. സി. മമ്മൂട്ടി: സർ, ബി. പി. എൽ. കുടുംബത്തിൽപ്പെട്ട, പാവപ്പെട്ട ആളുകൾ വേറെ കുടുംബമായി മാറിപോകുമ്പോൾ അത്തരം കുടുംബങ്ങൾക്ക് നൽകുന്ന പുതിയ കാർഡുകളിൽ എ. പി. എൽ. എന്നു രേഖപ്പെടുത്തിയിരിക്കുകയാണ്. സംസ്ഥാന ഗവൺമെന്റ് മൂന്ന് രൂപയ്ക്ക് അരി കൊടുക്കാൻ തീരുമാനിച്ചപ്പോൾ ഇത്തരത്തിൽ പുതിയ കാർഡ് പ്രകാരം ബി. പി. എൽ. എന്നതിനുപകരം എ. പി. എൽ. എന്നു രേഖപ്പെടുത്തിയതിനാൽ അവർക്ക് ഈ അരി കിട്ടുന്നില്ല. ആക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടിയാണ് സ്വീകരിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ചോദിച്ചത് വളരെ പ്രധാനപ്പെട്ട ചോദ്യമാണ്. കേരളത്തിൽ ബി. പി. എൽ., എ. പി. എൽ. തരംതിരിവ് ഉണ്ടായപ്പോൾ ബി. പി. എൽ. ലിസ്റ്റിൽ അനർഹരായിട്ടുള്ള നിരവധി ആളുകൾ കടന്നുകൂടി. സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ബി. പി. എൽ. ലിസ്റ്റും കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള ലിസ്റ്റും തമ്മിൽ 5 ലക്ഷത്തോളം എണ്ണത്തിന്റെ വ്യത്യാസമുണ്ട്. അത് പരിശോധിച്ച് മനസ്സിലാക്കി വന്നപ്പോൾ യഥാർത്ഥത്തിൽ ബി. പി. എൽ. കാർഡിലുള്ള കുടുംബങ്ങളിൽപ്പെട്ട ഒരാൾ വീട് മാറിപ്പോയിട്ടുണ്ടെങ്കിൽ അവർക്ക് പുതിയ റേഷൻ കാർഡ് വിതരണം ചെയ്യുമ്പോൾ ഞങ്ങൾക്ക് അത് ബി. പി. എൽ. എന്ന് രേഖപ്പെടുത്തികൊടുക്കാൻ കഴിയുന്നില്ല. കാരണം സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ച എണ്ണത്തിൽ വർദ്ധനവ് ഉണ്ടാവുകയാണ്. ആ വർദ്ധനവുണ്ടാകുമ്പോൾ ഭക്ഷ്യ ധാന്യങ്ങൾ ഇപ്പോൾ കൊടുത്തുകൊണ്ടിരിക്കുന്നതുപോലെ കൊടുക്കാൻ കഴിയുന്നില്ല. അതിനുവേണ്ടി ശക്തമായ ഒരു നടപടി സ്വീകരിച്ചു വരുന്നുണ്ട്. ആ നടപടി എന്നു പറയുന്നത് അവരവർ ഏതു ലിസ്റ്റിൽപ്പെടുമെന്ന് സ്വയം പ്രഖ്യാപിക്കുവാൻ വേണ്ടി ഒരു ഫോറം റേഷൻ കടകൾ മുഖാന്തിരം ബി. പി. എൽ. ലിസ്റ്റിൽപെട്ട ആളുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. അത് പൂരിപ്പിച്ച് ആളുകൾ മടക്കി കൊടുത്തിട്ടുണ്ട്. മടക്കിക്കൊടുത്തപ്പോൾതന്നെ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏതാണ്ട് 76000-ഓളം കുടുംബങ്ങൾ നിലവിൽ ബി. പി. എൽ. ലിസ്റ്റിൽ വന്നു. എ. പി. എൽ. ലിസ്റ്റിലേയ്ക്ക് പോകാൻ തയ്യാറാണെന്നുള്ള ഡിക്ലറേഷനും കിട്ടിയിട്ടുണ്ട്. ഇത്തരം ആളുകളുടെ പ്രശ്നങ്ങൾക്ക് മുന്തിയ പരിഗണന കൊടുത്തുകൊണ്ട് പരിഹരിക്കുന്നതാണ്.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ:</u> സർ, ബി. പി. എൽ. കാർക്ക് മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി എന്നുള്ളത് ഒരു ഇലക്ഷൻ സ്റ്റണ്ട് ആണ്. റേഷൻ ഷാപ്പിൽ നിന്നും അരി കിട്ടണമെന്നുണ്ടെങ്കിൽ ഒരു സത്യ വാങ്മൂലം എഴുതി കൊടുക്കണം. അതുപ്രകാരം വൈദ്യുതീകരിച്ച വീടുള്ള ആൾക്ക് അരിയില്ല. പാചകവാതക കണക്ഷൻ ഉള്ള ആളുകൾക്കും ഓടിട്ട വീട്ടുകാരനും. ഓലമേഞ്ഞ വീട്ടുകാരനും ഫോണുള്ള ആളിനും സൈക്കിളുള്ള ആളുകൾക്കും ഫ്രിഡ്ജുള്ള ആളിനും അരിയില്ല. അങ്ങനെയുള്ളതെല്ലാം പറഞ്ഞിട്ടാണ് അടിയിൽ പറയുന്നത് ആരെങ്കിലും മൂന്നു രൂപയ്ക്ക് തൽക്കാലം അരി കിട്ടുവാൻ വേണ്ടി പ്രസ്താവനയിൽ തിരിമറി നടത്തിയാൽ, എന്തെങ്കിലുമൊന്ന് തെറ്റിപ്പോയാൽ മേൽ വിവരങ്ങൾ അവാസ്തവമാണെന്ന് ബോദ്ധ്യമാകുന്നപക്ഷം 1955-ലെ അവശ്യ സാധന ആക്ട് നമ്പർ 7 പ്രകാരം ഒരു വർഷത്തോളം തടവും ശിക്ഷയും അനുഭവിക്കേണ്ടതാണ് എന്ന്. ഒരു വർഷം ജയിലിൽ പോയി കിടക്കുവാൻവേണ്ടി ആരെങ്കിലും ഈ മൂന്ന് രൂപയുടെ അരിക്ക് പോകുമോ? ഇങ്ങനെയുള്ള സത്യവാങ്മൂലം വാങ്ങുന്നത് പരമാവധി ആളുകൾക്ക് ഇത് കൊടുക്കാതിരിക്കുവാനാണ് ഈ നിബന്ധനയിൽ ഇളവു വരുത്തികൊണ്ട് കേരളത്തിലെ മുഴുവൻ കാർഡ് ഉടമസ്ഥർക്കും മൂന്ന് രൂപയ്ക്ക് ഒരു കിലോ അരി കൊടുക്കുവാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് സത്യത്തിൽ സഭയെ തെറ്റിദ്ധരിപ്പിക്കത്തക്ക തരത്തിലുള്ള ചോദ്യമാണ് ചോദിച്ചത്. മൂന്ന് രൂപ വിലയ്ക്ക് റേഷനരി കേരളത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ ആളുകൾക്കും കൊടുക്കുവാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഗവൺമെന്റ് ഈ തീരുമാനം അതിശക്തമായി നടപ്പിലാക്കികൊണ്ടിരിക്കുകയാണ്. അങ്ങ് ഇപ്പോൾ ഇവിടെ ചോദിച്ച ചോദ്യത്തിൽ ഒരു സത്യവാങ്മൂലം എഴുതികൊടുക്കണമെന്ന് സൂചിപ്പിച്ചു. ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട ഒരാൾക്കും സത്യവാങ്മൂലം എഴുതികൊടുത്തല്ല മൂന്ന് രൂപ വിലയ്ക്ക് റേഷനരി കൊടുത്തുകൊണ്ടിരിക്കുന്നത്. അങ്ങനെയൊരു തെറ്റിദ്ധാരണ അങ്ങ് പറഞ്ഞത് വളരെ പ്രയാസമുളവാക്കുന്ന കാര്യമാണ്. അങ്ങനെയൊരു കാര്യമുണ്ടെങ്കിൽ ഗവൺമെന്റ് അക്കാര്യം പരിശോധിക്കുന്നതാണ്. പരിശോധിച്ച് ശക്തമായ നടപടികളും സ്വീകരിക്കും.

<u>ഡോ. എം. എ. കുട്ടപ്പൻ:</u> സർ, യു. ഡി. എഫിന്റെ ശുപാർശപ്രകാരം 1-2-2006-മുതൽ മൂന്നു രൂപ നിരക്കിൽ സൗജന്യമായി ക്ഷേമധാന്യം കൊടുക്കുമെന്ന് മന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. വ്യത്യസ്തമായ കാര്യമാണ് ഇവിടെ ബഹുമാനപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പ്രതിപക്ഷ ഉപനേതാവ് സൂചിപ്പിച്ചത്. ഈ പുതിയ തീരുമാനപ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഇപ്പോൾ ഗവൺമെന്റ് ഭക്ഷ്യധാന്യം കൊടുക്കുന്നത്; അത് കൃത്യമായി പറയാൻ സാധിക്കുമോ; പ്രതിപക്ഷ ഉപനേതാവ് പറയുന്നത് ശരിയാണെങ്കിൽ 14 ലക്ഷം പേർക്ക് അരി കൊടുക്കുവാൻ കഴിയുകയില്ലല്ലോ; അതുകൊണ്ട് ഇത്ര പേർക്ക് കൊടുക്കുന്നുവെന്ന് കൃത്യമായി പറയാൻ സാധിക്കുമോ ഇതിന്റെ അടസ്ഥാനത്തിൽ ഗവൺമെന്റിന് പ്രതിമാസം എത്ര രൂപയുടെ ബാധ്യത വരുന്നുവെന്ന് പറയാൻ സാധിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട 14,45,885 കുടുംബങ്ങൾക്ക് മൂന്ന് രൂപാ വിലയ്ക്ക് റേഷൻ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതാണ്. അന്ത്യോദയ അന്നയോജന പദ്ധതി പ്രകാരം 5,95,800 കുടുംബങ്ങൾക്ക് മൂന്ന് രൂപാ വിലയ്ക്ക് റേഷനരി വിതരണം ചെയ്യുന്നുണ്ട്.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, ഇവിടെ 1-2-2006മുതൽ ബി. പി. എൽ കാർഡ് മൂന്ന് രൂപയ്ക്ക് റേഷനരി കൊടുക്കുമെന്ന് പറഞ്ഞു. കോഴിക്കോട് ജില്ലയിൽ ഇന്നലെവരെ അരി വിതരണം ചെയ്തിട്ടില്ല. അത് അടിയന്തിരമായി വിതരണം ചെയ്യാൻ നിർദ്ദേശം നൽകുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, കോഴിക്കോട് ജില്ലയിൽ നൽകിയിട്ടില്ലെങ്കിൽ തീർച്ചയായും അതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: സർ, പൊതുവിതരണ ഏജൻസികളിലൂടെ വിതരണം നടത്തുന്ന ഭക്ഷ്യ ധാന്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ പി. എഫ്. എ. ആക്ട് പ്രകാരം ഹെൽത്ത് ഡിപ്പാർട്ട്മെന്റ് നടത്തുന്ന പരിശോധനയല്ലാതെ, റാൻഡം ഫിക്കേഷൻ അല്ലെങ്കിൽ പഴയ അരി റീ-പ്ലേസ്മെന്റ് നടത്തുന്നതിന് പര്യാപ്തമായ നിലയിൽ ഒരു മൊബൈൽ ലാബ് സംവിധാനം ഉണ്ടാക്കുവാനും അങ്ങനെ ഈ മേഖലയെ സംശുദ്ധത ഉറപ്പുവരുത്താനും ഗവൺമെന്റിന് പരിപാടിയുണ്ടോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഇപ്പോൾതന്നെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി എഫ്. സി. ഐ. യിൽ നിന്നും റേഷൻ സാധനങ്ങൾ എടുക്കുമ്പോൾ ഡി. എസ്. ഒ യുടെ നേതൃത്വത്തിൽ എഫ്. സി. ഐ. യുടെ ജില്ലാതല ഉദ്യോഗസ്ഥരുടെ സംയുക്തമായ നേതൃത്വത്തിൽ ഗുണനിലവാരം പരിശോധിച്ചുതന്നെയാണ് റേഷൻ കടകളിലൂടെ റേഷൻ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് പുതിയ ഒരു സംവിധാനം ഉണ്ടാക്കുന്നതിനെക്കുറിച്ചാണ്. അത്തരം കാര്യങ്ങൾ ആലോചിച്ച് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എ. എ. അസീസ്: സർ, ബി. പി. എൽ. വിഭാഗങ്ങൾക്ക് മൂന്ന് രൂപയ്ക്ക് അരി നൽകുമെന്ന മന്ത്രിയുടെ വെളിപ്പെടുത്തലിനനുസരിച്ച് 14 ലക്ഷം ആളുകൾക്ക് മൂന്ന് രൂപയ്ക്ക് അരി വിതരണം നടത്തണം. അന്ത്യോദയ സ്കീമനുസരിച്ച്

LIBRARY ARCHIVES Kerala Legislative Assembly

അഞ്ചുലക്ഷം ആളുകൾക്ക് പ്രയോജനം ലഭിക്കും. അങ്ങനെ വന്നാലും 19 ലക്ഷമല്ലേ ആകുന്നുള്ളു, സംസ്ഥാന ഗവൺമെന്റിന്റെ കണക്കനുസരിച്ച് 26,50,000 ആളുകൾ ഉണ്ടല്ലോ? 14 ലക്ഷം എന്ന് എങ്ങിനെയാണ് നിജപ്പെടുത്തിയത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അങ്ങ് കണക്ക് പറഞ്ഞത് ശരിയല്ല. ബി. പി. എൽ. ലിസ്റ്റിൽപെട്ട 14,45,865 ആളുകൾ ഉണ്ട്. അന്ത്യോദയ-അന്നയോജന പദ്ധതി പ്രകാരം 5,95,800 ആളുകളെ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാം കൂടി ഇപ്പോൾ ഇരുപത് ലക്ഷത്തിൽ ചിലചാനം വരുന്നുണ്ട്. ഇതാണ് കണക്ക്. ഇത്രയും ആളുകൾക്കാണ് ഇപ്പോൾ നിലവിൽ ആനുകൂല്യങ്ങൾ ലഭ്യമായിക്കൊണ്ടിരിക്കുന്നത്.

ശ്രീ. ഇസ്ഹാക്ക് കുരിക്കൾ: സർ, മലപ്പുറം ജില്ലയിൽ അങ്ങാടിപ്പുറം എഫ്. സി. ഐ. ഗോഡൗണിൽ നിന്നാണ് അരി എടുത്ത് വിതരണം ചെയ്യുന്നത്. അടുത്തകാലത്ത് സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റും ഇന്ത്യൻ റെയിൽവേയും തമ്മിലുള്ള അഭിപ്രായ വ്യത്യാസംമൂലം അങ്ങാടിപ്പുറത്തെ എഫ്. സി. ഐ ഗോഡൗണിൽ നിന്നും അരി കിട്ടുന്നില്ല. അത് റേഷൻ വിതരണത്തിൽ അപാകതകൾ വരുത്തി. ഒരു സൊസൈറ്റിയുടെ പ്രസിഡന്റായ എനിക്കുതന്നെ പറയാൻ കഴിയും. ലക്ഷക്കണക്കിന് രൂപ സിവിൽ സപ്ലൈസ് വകുപ്പ് മൊത്ത വ്യാപാരികൾക്ക് നൽകുവാനുണ്ട്. ഈ ഗുരുതരമായ പ്രശ്നം പരിഹരിച്ചുകൊണ്ട് അങ്ങാടിപ്പുറം എഫ്. സി. ഐ. ഗോഡൗണിൽ നിന്നുതന്നെ അരി വിതരണം നടത്താനുള്ള നടപടി സർക്കാർ വളരെ പ്രാധാന്യം കൽപ്പിച്ച് സ്വീകരിക്കുമോ?

ശ്രീ. അടൂർപ്രകാശ്: ബഹുമാനപ്പെട്ട അംഗം അങ്ങാടിപ്പുറം എഫ്. സി. ഐ. ഗോഡൗണിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ചില പ്രശ്നങ്ങൾ ഇവിടെ ചൂണ്ടി കാണിച്ചു. ഈ വിഷയത്തിൽ ഞാൻ തന്നെ പലവട്ടം ബന്ധപ്പെട്ടതാണ്. അവിടെയുള്ള തൊഴിലാളികളേയും എഫ്. സി. ഐ.യുടെ ഉന്നതരായ ഉദ്യോഗസ്ഥരെയും വിളിച്ചു വരുത്തി ചർച്ചകൾ നടത്തിയതാണ്. ബഹുമാനപ്പെട്ട അംഗത്തെ ആ ചർച്ചയിൽ പങ്കെടുപ്പിച്ചതാണ്. ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുവേണ്ടി 16-2-2006-ന് വീണ്ടും റെയിൽവേയിലെ ഉന്നതരായ ഉദ്യോഗസ്ഥരേയും എഫ്. സി. ഐ.യിലെ ഉദ്യോഗസ്ഥരേയും സംയുക്തമായി വിളിച്ചു ചേർത്തിട്ടുണ്ട്. അക്കാര്യങ്ങൾ പരിഹരിക്കപ്പെടുന്നതിനുവേണ്ടിയുള്ള ചർച്ച നടക്കുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ: സർ, ബി. പി. എൽ. ലിസ്റ്റിനെക്കുറിച്ച് പറഞ്ഞപ്പോൾ ഇവിടെ ശ്രീ. കോടിയേരി ബാലകൃഷ്ണൻ ചില കാര്യങ്ങൾ പറഞ്ഞു. ഗവൺമെന്റിന്റെ പബ്ലിക് റിലേഷൻസ് വകുപ്പ് ഇത് പരസ്യമായി പത്രങ്ങളിൽ ഇറക്കിയിരുന്നു. ഈ ലിസ്റ്റ് തയ്യാറാക്കിയപ്പോൾ ഗ്രാമവികസന വകുപ്പ് മുഖേന നമ്മൾ നേരത്തെ തയ്യാറാക്കിയ ബി. പി. എൽ. ലിസ്റ്റിലെതന്നെ പതിനായിരക്കണക്കിന്

LIBRARY ARCHIVES Kerala Legislative Assembly

അർഹരായ കുടുംബങ്ങൾ ബി. പി. എൽ. ലിസ്റ്റിൽ നിന്നും വിട്ടുപോയി. അത് നേരത്തെ ഇവിടെ മെമ്പർമാർ സൂചിപ്പിച്ചു. ആ ലിസ്റ്റ് പുതുക്കണം. അർഹരായവരെ മുഴുവൻ ആ ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന ആവശ്യം നിലനിൽക്കുമ്പോൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി പുതുതായി നിങ്ങൾ നടത്തിയ പരിശോധനയുടെയും മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിൽ നിലവിലുള്ള ബി. പി. എൽ ലിസ്റ്റിൽ നിന്നും ആയിരക്കണക്കിന് കുടുംബങ്ങളെയാണ് വെട്ടിമാറ്റി ഇപ്പോൾ മൂന്നു രൂപയ്ക്ക് അരി കൊടുക്കുവാൻ തീരുമാനിച്ചത്. ഞാൻ ചോദിക്കുന്നത് ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിന്റെ കാലത്ത്, നായനാർ ഗവൺമെന്റിന്റെ കാലത്ത്, പാവപ്പെട്ടവർക്ക് അരി കൊടുക്കുന്നതിനായി പത്ത് കിലോ അരി കേന്ദ്ര ഗവൺമെന്റ്, (ദേവഗൗഡ ഗവൺമെന്റ്) പ്രഖ്യാപിച്ചു. പത്ത് കിലോ അരി ഒരു രൂപ വില കുറച്ച് കൊടുക്കുന്ന പദ്ധതിയുടെ ഭാഗമായി സഖാവ് ചന്ദ്രശേഖരൻ നായർ അന്ന് നിലവിലുള്ള 25 ശതമാനം 42 ശതമാനമായി വർദ്ധിപ്പിച്ചു. 42 ശതമാനമായി വർദ്ധിപ്പിച്ച സാഹചര്യത്തിലാണ് നിങ്ങളുടെ ഗവൺമെന്റ് നിലവിലുള്ള ബി. പി. എൽ. ലിസ്റ്റ് വെട്ടിക്കുറച്ച് വളരെ കുറച്ച് വീട്ടുകാർക്കുമാത്രം അരി കൊടുക്കത്തക്ക വിധത്തിൽ ഈ നടപടി എടുത്തത്. അത് പുതുക്കി നിശ്ചയിക്കുമോ, അത് പുനഃപരിശോധിക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> നിലവിലുള്ള ബി. പി. എൽ. ലിസ്റ്റിൽ നിന്ന് ഒരു അംഗത്തെപ്പോലും വെട്ടിക്കുറയ്ക്കാൻ ഈ ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അങ്ങനെ ഒരു തെറ്റിദ്ധാരണ വേണ്ട. അങ്ങനെ ഒരു പ്രചരണം അറിഞ്ഞോ അറിയാതെയോ നടക്കുന്നുണ്ട്. പത്രങ്ങളിൽ ഞാനും വായിച്ചതാണ്. പക്ഷേ ഗവൺമെന്റിന്റെ ശക്തമായ നിലപാട് ബി. പി. എൽ. ലിസ്റ്റിൽ എത്ര പേരുണ്ടോ അവർക്കെല്ലാം ഈ ആനുകൂല്യം കൊടുക്കാൻ തന്നെയാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് ഭരിച്ചുകൊണ്ടിരുന്നപ്പോൾ ചെയ്ത ചില കാര്യങ്ങളെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. 1997ലാണ് ടി. പി. ഡി. എസ്. കേന്ദ്രഗവൺമെന്റ് കൊണ്ടുവന്നത്. അത് ഇവിടെ നടപ്പാക്കിയത് 1-6-1997 മുതലാണ്. അന്നുണ്ടായ ഒരു അപാകതമൂലമാണ് അനർഹരായ ലക്ഷക്കണക്കിന് ആളുകൾ ഇതിലേയ്ക്ക് കടന്നുവന്നത്. അന്ന് അവരെ ഒഴിവാക്കാൻ വേണ്ട ഒരു നടപടിയും ആരും ചെയ്തിരുന്നില്ല. പക്ഷേ ഇന്ന് പരിശോധന നടത്തിയപ്പോൾ അനർഹരായ ഉദ്യോഗതലത്തിലുള്ള നിരവധി ആളുകളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നത്. അത്തരത്തിലുള്ള ആളുകളെ ഒഴിവാക്കിക്കൊണ്ട് മൂന്ന് സെന്റ് ഭൂമിയിൽ കഴിയുന്ന പാവപ്പെട്ട ആളുകളെ ബി. പി. എൽ. ലിസ്റ്റിൽ കൊണ്ടുവരാൻ തന്നെയാണ് ഗവൺമെന്റ് ഈ നടപടികളുമായി മുന്നോട്ട് പോകുന്നത്. അതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. അത് നടപ്പാക്കും.

<u>ശ്രീ. കെ. കെ. ഷാജു:</u> സർ, കേരളത്തിലെ റേഷൻ കടകളിൽ ഒഴിഞ്ഞ ചാക്കുകളും, ഒഴിഞ്ഞ പാട്ടകളുമാണ് നേരത്തെ ഉണ്ടായിരുന്നത്. അത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്തായിരുന്നു. റേഷൻ കടകളിലേയ്ക്ക് ആളുകൾ

LIBRARY ARCHIVES Kerala Legislative Assembly

മടങ്ങി എത്തിയത് ഈ ഗവൺമെന്റ് വന്നതിനുശേഷമാണ്. ശബരി സ്റ്റോറുകൾ ആരംഭിച്ചത് അടക്കം, റേഷൻ കടകളിൽ വന്നിട്ടുള്ള ഗുണകരമായ മാറ്റത്തോടൊപ്പം മണ്ണെണ്ണയുടെ അളവ് വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾക്ക് തയ്യാറാകുമോ? കേന്ദ്രഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ള ചില മാനദണ്ഡങ്ങളുടെ ഭാഗമായാണ് നമുക്ക് ആവശ്യത്തിനുള്ള മണ്ണെണ്ണ റേഷൻ കടകളിൽ കൊടുക്കാൻ കഴിയാതെ വരുന്നതെന്നാണ് അറിയുന്നത്. അങ്ങനെയാണെങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ മാനദണ്ഡത്തിൽ ആവശ്യമായ മാറ്റം വരുത്താൻ അങ്ങ് മുൻകൈ എടുക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, കേന്ദ്രഗവൺമെന്റ് മണ്ണെണ്ണ അലോട്ട്മെന്റിൽ സമയാസമയം മാറ്റങ്ങൾ വരുത്തുന്നുണ്ട്. കാരണം ഗ്യാസ് വിതരണം ഓരോ മേഖലയിലും കൂടുന്നതനുസരിച്ച് കേന്ദ്ര ഗവൺമെന്റ് മണ്ണെണ്ണയുടെ അലോട്ട്മെന്റ് കുറച്ചുതരുന്ന ഒരു വ്യവസ്ഥിതി ഇപ്പോൾ നിലനിൽക്കുന്നുണ്ട്. അതാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്. മണ്ണെണ്ണയുടെ അലോട്ട്മെന്റ് കൂട്ടിക്കിട്ടണമെന്ന ആവശ്യം കേന്ദ്ര ഗവൺമെന്റിൽ ഉന്നയിച്ചിട്ടുണ്ട്.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> സർ, സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കേരളത്തിൽ പ്രത്യേകമായി അനുവദിക്കുന്നത് നമ്മുടെ നെല്ല് ഉൽപ്പാദനത്തിന്റെ കുറവും ഭക്ഷ്യധാന്യങ്ങളുടെ സ്ഥിതിയും കൊണ്ടാണ്. പക്ഷെ അടുത്തകാലത്ത് വില ക്കയറ്റം വളരെയധികമായി. രണ്ടോ, മൂന്നോ രൂപ ഒരു കിലോ അരിക്ക് മിനിഞ്ഞാന്ന് കൂടിയിട്ടുണ്ട്. ഈ വില വർദ്ധനവ് കണ്ടുകൊണ്ട് നമ്മുടെ റേഷൻ കടകളിലൂടെ ഭക്ഷ്യധാന്യങ്ങൾ കൊടുക്കുമെന്നു പറഞ്ഞു. എന്നാൽ അത് എത്തിക്കുന്നില്ല. അതു കൊണ്ട് പ്രത്യേക പരിഗണന കൊടുത്ത്, വിലവർദ്ധനവ് തടയാനുള്ള നടപടികളുടെ ഭാഗമായി റേഷൻ കടകൾ കുറച്ചുകൂടി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനാവശ്യമായ നിർദ്ദേശം കൊടുക്കുമോ?

<u>ശ്രീ. അടൂർ പ്രകാശ്:</u> സർ, തീർച്ചയായും റേഷൻ കടകൾ നന്നായി പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പ്രത്യേകമായ നിർദ്ദേശം നൽകുന്നതാണ്.

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, സർക്കാർ ജീവനക്കാരായ സാമ്പത്തിക ശേഷിയുള്ള ബി. പി. എൽ. ലിസ്റ്റിൽപ്പെട്ട അനർഹരെ ലിസ്റ്റിൽ നിന്ന് നീക്കം ചെയ്യുമെന്ന് അങ്ങ് പറയുകയുണ്ടായി. ശ്രീ. കോടിയേരി ബാലകൃഷ്ണന്റെയും ശ്രീ. കെ. പി. രാജേന്ദ്രന്റെയും ചോദ്യം കേരളത്തിൽ എൽ. ഡി. എഫ്. നടത്തുന്ന ഒരു ക്യാംപയിന്റെ ഭാഗമാണ്. ജനങ്ങളിൽ അനാവശ്യമായ ഭയാശങ്കകളുണ്ടാക്കി ഗവൺമെന്റ് ബി. പി. എൽ. ലിസ്റ്റിൽ എന്തോ വലിയ വെട്ടിക്കുറവ് വരുത്തുന്നു എന്നുള്ള ക്യാംപയിന്റെ ഭാഗമായാണ് ശ്രീ. സാജുപോൾ പറഞ്ഞത്. ദയവായി ഇതു സംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് സുതാര്യമാക്കാനുള്ള നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ഇക്കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായമാണുള്ളത്. ഇന്ന് കേരളത്തിൽ നിലനിൽക്കുന്ന ബി. പി. എൽ. ലിസ്റ്റിലെ അംഗസംഖ്യയിൽ കുറവു വരുത്താൻ, ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. ഇതിൽ അനർഹരായി കടന്നുകൂടിയിട്ടുള്ളവരെ ഒഴിവാക്കിക്കൊണ്ട് ലിസ്റ്റ് ഉണ്ടാക്കും. സ്വയം ഡിക്ലറേഷൻ ആണ് ഇപ്പോൾ ഉണ്ടായിട്ടുള്ളത്. 70,000 ആളുകളാണ് ബി. പി. എൽ-നിന്ന് എ. പി. എൽ. പോകാൻ തയ്യാറാണെന്നു പറഞ്ഞിരിക്കുന്നത്, സ്വയം ഡിക്ലറേഷനാണ്. നിങ്ങൾ പ്രചരിപ്പിക്കുന്നതുപോലെ തെറ്റിദ്ധാരണയുണ്ടാക്കുന്ന തരത്തിൽ ഇവിടെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. കേരളത്തിൽ ഇന്ന് ബി. പി. എൽ. ലിസ്റ്റിൽ നിലനിൽക്കുന്ന അർഹരായ മുഴുവൻ ആളുകളേയും ഉൾപ്പെടുത്തിയായിരിക്കും ഈ ലിസ്റ്റ് ഉണ്ടാക്കുന്നത്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, 1-2-2006 മുതൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്ന് മന്ത്രി ഇവിടെ പറഞ്ഞു. ആലത്തൂർ താലൂക്കിൽ ഇത് വിതരണം ചെയ്യുന്നത് ആലത്തൂർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ്. ശ്രീ. ജി. കാർത്തികേയൻ ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രിയായി അധികാരത്തിൽ ഇരിക്കുമ്പോൾ ഓണക്കാലത്ത് ഇതുപോലെ ഒരു പ്രഖ്യാപനം നടത്തി. ആ സഹകരണസംഘത്തിന് കൊടുക്കേണ്ട ഒന്നരലക്ഷം രൂപ ഇതുവരെ കൊടുത്തിട്ടില്ല. മന്ത്രിക്ക് ഇതുസംബന്ധിച്ച് നിവേദനം കൊടുത്തപ്പോൾ അത് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്, പഠിച്ചുകൊണ്ടിരിക്കുകയാണ് എന്നുള്ള തരത്തിലുള്ള മറുപടിയാണ് പറഞ്ഞത്. ഇപ്പോൾ മൂന്ന് രൂപയ്ക്ക് അരി കൊടുക്കണമെന്നുള്ള നിർദ്ദേശം കൊടുത്തതല്ലാതെ എങ്ങനെ കൊടുക്കണമെന്നത് സംബന്ധിച്ചുള്ള യാതൊരു നിർദ്ദേശവും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വന്നിട്ടില്ല. ഇങ്ങനെ തന്നെയാണ് കേരളത്തിൽ മുഴുവൻ ഉള്ളത്. 1-2-2006 മുതൽ ബി. പി. എൽ. വിഭാഗത്തിൽപ്പെട്ട ആളുകൾക്ക് മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്നുള്ള പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ അങ്ങനെ കൊടുക്കാൻ എന്ത് സംവിധാനമാണ് ഉണ്ടാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ജില്ലാ സപ്ലൈ ഓഫീസർമാരേയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരേയും വിളിച്ചു ചേർത്ത് മൂന്നു രൂപ വിലയ്ക്ക് അരി കൊടുക്കുന്നതിനുള്ള നിർദ്ദേശം നൽകിക്കഴിഞ്ഞിട്ടുണ്ട്. മാത്രമല്ല, റേഷൻ ഡീലേഴ്സിന്റെ വിവിധ അസോസിയേഷനുകളുടെ പ്രതിനിധികളെ വിളിച്ച് ചർച്ച ചെയ്തിരുന്നു. ഇത് നടപ്പാക്കുന്നതിനുള്ള പൂർണ്ണമായ സഹകരണം അവരിൽ നിന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ്, മൂന്ന് രൂപയ്ക്ക് അരി നൽകുന്നതിലെ വില വ്യത്യാസം വരുന്ന തുക എഫ്. സി. ഐ-ൽ അടച്ചു കഴിഞ്ഞിട്ടുണ്ട്. മൂന്ന് രൂപയ്ക്ക് റേഷനരി വിതരണം ചെയ്യുന്നതിനുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തോമസ് ചാഴികാടൻ: സർ, ബഹുമാന്യനായ മന്ത്രി ഇവിടെ ബി. പി. എൽ. ലിസ്റ്റിൽ മാറ്റം വരുത്തിയില്ലായെന്ന് സൂചിപ്പിക്കുകയുണ്ടായി. ഇപ്പോൾ റേഷൻ കടകൾ വഴി ഡിക്ലറേഷൻ എഴുതി വാങ്ങിക്കുമ്പോൾ റേഷൻ കടക്കാർ പറയുന്ന ക്ലേശ ഘടകങ്ങൾ ഓരോന്നായി ചോദിച്ച്, ഉദാഹരണത്തിന് വീട്ടിൽ ഫാനുണ്ടോ, ഫ്രിഡ്ജുണ്ടോ എന്നുള്ള കാര്യങ്ങൾ ചോദിച്ച് റേഷൻ കടക്കാർ നിശ്ചയിക്കുന്ന തരത്തിൽ, ബി. പി. എൽ. ലിസ്റ്റ് തയ്യാറാക്കുന്ന ഒരു രീതിയിലേക്ക് പോകുന്നുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ വന്നിട്ടില്ലായെങ്കിൽ അതൊന്ന് പരിശോധിക്കണം. ഇങ്ങനെയുള്ള സംഭവങ്ങൾ ഉണ്ടാകാതെ ഗവൺമെന്റിന്റെ തീരുമാനം പ്രായോഗികമായി വേണ്ട വിധത്തിൽ നടപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ശ്രീ. അടൂർ പ്രകാശ്: സർ, റേഷൻ കടകൾ മുഖാന്തിരം അപേക്ഷാ ഫാറങ്ങൾ കൊടുക്കാനുള്ള നിർദ്ദേശം മാത്രമേ കൊടുത്തിട്ടുള്ളൂ. അല്ലാതെ റേഷൻ കടക്കാർ ചോദ്യം ചെയ്ത് അവ പൂരിപ്പിക്കാൻ പറഞ്ഞിട്ടില്ല. സ്വയം ഡിക്ലെയർ ചെയ്യാൻവേണ്ടി കൊടുക്കുന്ന അപേക്ഷാ ഫാറത്തിൽ ആർക്കെങ്കിലും പരാതികളുണ്ടെങ്കിൽ അത് പരിശോധിക്കാൻ സിവിൽ സപ്ലൈസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർക്ക് പ്രത്യേകമായ നിർദ്ദേശം കൊടുത്തിട്ടുണ്ട്. അവർ പരിശോധിക്കുന്നതാണ്.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, റേഷൻ കടക്കാരെ കണ്ട് കാര്യങ്ങൾ തിരക്കുമ്പോൾ, റേഷൻ കട എങ്ങനെയുണ്ട് എന്ന് ചോദിക്കുമ്പോൾ കുൾ ഡ്രിംഗ്സ് മോശമില്ല എന്നാണ് പറയുന്നത്. കാരണം റേഷൻ കട ഒരു മൂറിയിലേക്കാക്കിയിട്ട് കുൾ ഡ്രിംഗ്സ് വിൽപ്പന നടത്തിക്കൊണ്ടിരിക്കുന്ന അവസ്ഥയിലേയ്ക്ക് പാവപ്പെട്ട ഈ വിഭാഗം മാറിയിരിക്കുകയാണ്. കാരണം ഇവിടെ കച്ചവടം ഇല്ല. എത്തെല്ലാം വിശദീകരിച്ചാലും റേഷൻ ഷോപ്പുകളിൽ കച്ചവടം നടക്കുന്നില്ലെന്നുള്ളതാണ് ഞാൻ ഉന്നയിക്കുന്ന പ്രധാനപ്പെട്ട പ്രശ്നം. ആയിരക്കണക്കിന് പരാതി ബഹുമാനപ്പെട്ട മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. വെറുതെ പറയുകയല്ല. 50 രൂപ വരുമാനമുള്ള ഒരു കുടുംബത്തിനെ ബി. പി. എൽ. ഉൾപ്പെടുത്താതെ എ. പി. എൽ-ൽ ഉൾപ്പെടുത്തിയ പ്രശ്നം ഉൾപ്പെടെ ഞാൻ മന്ത്രിക്ക് കൊടുത്തിട്ടുണ്ട്. എനിക്ക് ചുണ്ടിക്കാണിക്കാനുള്ളത് ഇപ്പോൾ എല്ലാം കൂടി ചേർത്ത് ഏതാണ്ട് ഇരുപത് ലക്ഷത്തോളം കുടുംബങ്ങളാണ് ബി. പി. എൽ-ൽ ഉൾപ്പെട്ടിട്ടുള്ളത്. ഇരുപത് ലക്ഷത്തിനുപുറമെ കേന്ദ്ര ഗവൺമെന്റിന്റെ കണക്കുമായിട്ട് ഏതാണ്ട് 5 ലക്ഷത്തിന്റെ തർക്കം ഉണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. ആ 5 ലക്ഷം കുടുംബങ്ങളെയെങ്കിലും സെൻട്രൽ ഗവൺമെന്റ് അംഗീകരിക്കുന്നില്ലെന്നുള്ള പ്രത്യേക പശ്ചാത്തലത്തിൽ പ്രത്യേക സബ്സിഡി കൊടുത്ത് ബി. പി. എൽ.-ൽ ഉൾപ്പെടുത്താനുള്ള നിലപാട് ഗവൺമെന്റ് സ്വീകരിക്കുമോ എന്നുള്ള കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി അനുകൂലമായി മറുപടി പറയുമെന്ന് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. അടൂർ പ്രകാശ്: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ 20 ലക്ഷത്തിന് പുറമെയാണ് 5 ലക്ഷമെന്ന് പറഞ്ഞത്. അത് തെറ്റാണ് രണ്ടും കൂടെ 2,41,484 ആണ്. സംസ്ഥാന ഗവൺമെന്റിന്റെ കണക്കും കേന്ദ്ര ഗവൺമെന്റിന്റെ കണക്കും തമ്മിലുള്ള വ്യത്യാസം 5 ലക്ഷത്തോളമുണ്ടെന്നാണ് പറയുന്നത്. ഇവിടെ നിരവധി പരാതികളെക്കുറിച്ച് സൂചിപ്പിച്ചു. ഞാനും ഒരു കാര്യം മാത്രമേ പറയുന്നുള്ളൂ. അങ്ങ് പറഞ്ഞ അതേ വികാരത്തോടുകൂടി പറയുകയാണ്. കേരളത്തിലെ സാധാരണക്കാരായ പാവപ്പെട്ട ആളുകൾക്ക് അർഹതപ്പെട്ടത് ലഭിക്കുന്നില്ലെന്ന് മാത്രമല്ല ഒരു ഡെപ്യൂട്ടി ഡയറക്ടർവരെ ബി. പി. എൽ. ലിസ്റ്റിൽ കന്നുകൂടിയിട്ടുണ്ട്. അവർക്ക് 3 രൂപയ്ക്ക് അരി കൊടുക്കണമോ എന്ന് നിങ്ങൾ പറയണം. അവരെപ്പോലെയുള്ളവരെ ഒഴിവാക്കാൻ വേണ്ടിയിട്ടാണ് ഈ ഗവൺമെന്റ് ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. ബി. വിജയകുമാർ: സർ, ഞാൻ വ്യത്യസ്തമായ ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട മന്ത്രിയോട് ചോദിക്കുന്നത്. റേഷനരി വിതരണം ചെയ്യുന്ന അവസരത്തിൽ നഗര പ്രദേശങ്ങളിൽ മാസത്തിൽ ഒരു ദിവസമെങ്കിലും പച്ചരി കൊടുക്കണം. മണ്ണെണ്ണയുടെ വിഹിതം വർദ്ധിപ്പിക്കണം. പെർമിറ്റുള്ളവർക്ക് മണ്ണെണ്ണ കിട്ടുന്നില്ല. മണ്ണെണ്ണയുടെ വിഹിതം കൂട്ടാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. അടൂർപ്രകാശ്: സർ, ഇവിടെ മണ്ണെണ്ണയുടെ കാര്യം നേരത്തെ സൂചിപ്പിച്ച താണ്. കേന്ദ്ര ഗവൺമെന്റ് കാലാകാലങ്ങളിൽ മണ്ണെണ്ണയുടെ അലോട്ട്മെന്റ് വെട്ടിക്കുറയ്ക്കുന്നു. വെട്ടിക്കുറയ്ക്കുന്നതനുസരിച്ച് മാത്രമേ വിതരണം ചെയ്യാൻ കഴിയുകയുള്ളൂ. വെട്ടിക്കുറച്ച അലോട്ട്മെന്റ് പുനഃസ്ഥാപിക്കണമെന്ന് കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. കെ. കെ. ജയചന്ദ്രൻ: സർ, ബി. പി. എൽ. ലിസ്റ്റിൽനിന്നും അനർഹരായിട്ടുള്ളവരെ കണ്ടെത്തുന്നതിന് റേഷൻ കടക്കാരെയാണ് പ്രധാനമായും ചുമതലപ്പെടുത്തിയിരിക്കുന്നത് ഇതിന്റെ അടിസ്ഥാനത്തിൽ ഇവിടെ പങ്കെടുത്ത മിക്കവാറും ചോദ്യകർത്താക്കളായ മെമ്പർമാർ അനർഹരായിട്ടുള്ള ധാരാളം പേർ ബി. പി. എൽ. ലിസ്റ്റിൽ കടന്നുകൂടിയിട്ടുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് ബി. പി. എൽ. ലിസ്റ്റിൽ അനർഹരായ എത്ര പേരാണ് കടന്നുകൂടിയിട്ടുള്ളതെന്നും, അവരെ കണ്ടെത്തുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡം എന്താണെന്നും വ്യക്തമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: ഈ പരിശോധന പൂർത്തിയാക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്; 15-2-2006 വരെയാണ് സമയപരിധി കൊടുത്തിട്ടുള്ളത്. ഇതിനോടകംതന്നെ 76,735 കുടുംബങ്ങൾ ബി. പി. എൽ.-ൽ നിന്നും മാറി എ. പി. എൽ.-ൽ പോകുവാൻ തയ്യാറാണെന്നുള്ള സ്വയം ഡിക്ലറേഷൻ ലഭ്യമായിട്ടുണ്ട്.

ഇതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമായി നൽകിയിട്ടുണ്ട്. ആ നിർദ്ദേശങ്ങൾ ബഹുമാനപ്പെട്ട കെ. പി. രാജേന്ദ്രന്റെ ചോദ്യത്തിന് മറുപടിയായി രേഖാമൂലം ഹാജരാക്കിയിട്ടുണ്ട്.

ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള: സർ, വളരെ സദുദ്ദേശത്തോടുകൂടി തീരുമാനിച്ചതനുസരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് ഇത് സൈക്കിൾ ഉള്ളവർക്ക് അന്ത്യോദയ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുകയില്ലെന്നാണ് പറയപ്പെടുന്നത്. ഫ്രിഡ്ജും ഫാനും ഒക്കെ ചെറിയ വീടുകളിലും ഉണ്ട്. ആരാണ് ഈ നോംസ് നിശ്ചയിച്ചത്? മലക്കറി കച്ചടം നടത്തുന്നവനും സൈക്കിളിലാണ് പോകുന്നത്. പാവപ്പെട്ടവൻ ഈ ലിസ്റ്റിൽ വരില്ല. ഇങ്ങനെ ഒരു മാനദണ്ഡം ഉണ്ടെങ്കിൽ അത് തെറ്റാണ്. പണമല്ല പ്രശ്നം. അതുകൊണ്ട് ഇങ്ങനെയുള്ള ആളുകളെ ഒഴിവാക്കുന്നതിനുവേണ്ടി ഇപ്പോഴത്തെ മാനദണ്ഡം പുതുക്കി നിശ്ചയിക്കണം. ഫ്രിഡ്ജുള്ളവർക്ക് കൊടുക്കില്ലെന്ന് പറഞ്ഞാൽ മനസ്സിലാക്കാം ഫാനും, സൈക്കിളും ഉള്ളവർക്ക് കൊടുക്കുകയില്ല. ഇലക്ട്രിസിറ്റി ഉള്ളവർക്ക് കൊടുക്കുകയില്ല എന്നുപറഞ്ഞാൽ നമ്മുടെ ഉദ്ദേശം എന്താണ്? എല്ലാ വീട്ടിലും വിദ്യുച്ഛക്തി കൊടുക്കുമെന്നുള്ളതാണ് ശ്രീ. ആര്യാടൻ മുഹമ്മദിന്റെ പ്രഖ്യാപനം. കുറേക്കഴിഞ്ഞാൽ അന്ത്യോദയ പദ്ധതിയിൽ ആരും വരില്ല. അതുകൊണ്ട് ഇതിന്റെ മാനദണ്ഡം പുതുക്കി നിശ്ചയിക്കണം എന്നുള്ളതാണ് ഇവിടെ ഉന്നയിച്ച ചോദ്യങ്ങളിൽ നിന്നും നമുക്കെല്ലാം മനസ്സിലായിട്ടുള്ളത്. ഈ മാനദണ്ഡം മാറ്റി, സെൽഫ് ഡിക്ലറേഷൻ എന്നുപറഞ്ഞ് റേഷൻ കടക്കാർ ഉണ്ടാക്കിവച്ച ഏർപ്പാടുകൾ അവസാനിപ്പിച്ച് അവർക്ക് വീണ്ടും ആവശ്യം ഉന്നയിക്കാനുള്ള അവസരം ഗവൺമെന്റ് കൊടുക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, പല മാനദണ്ഡങ്ങൾ പറഞ്ഞു എന്നേയുള്ളൂ. ഇതിൽ പ്രധാനപ്പെട്ട കാര്യം ബി. പി. എൽ. ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ചിലർ റേഷൻ കടകളിൽ പോയി റേഷനരി സ്ഥിരമായി വാങ്ങാത്ത ആളുകളാണ്. ബി. പി. എൽ. ലിസ്റ്റിലെ മറ്റ് ആനുകൂല്യങ്ങൾക്കുവേണ്ടി മാത്രം നിലനിൽക്കുന്നവരാണ്. ഇതിനകത്ത് പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ ഉണ്ടെന്നുള്ളതുകൊണ്ട് അവരെ ഒഴിവാക്കുന്ന പ്രശ്നം ഇല്ല. പല മാനദണ്ഡങ്ങളുണ്ട്, അതിന്റെ അടിസ്ഥാനത്തിൽ പരിശോധന നടത്തി അനർഹരാണെന്നു കണ്ടാൽ മാത്രമേ അവരെ ഒഴിവാക്കുകയുള്ളൂ. അതിനുള്ള അവസരം കൊടുക്കുന്നുണ്ട്.

ശ്രീ. രാജു എബ്രഹാം: റേഷൻ കടകൾ അടക്കമുള്ള പൊതുവിതരണ കേന്ദ്രങ്ങളിലെ വിതരണ സമ്പ്രദായം തകർന്നതിനെ തുടർന്ന് ഇന്നത്തെ പത്രത്തിൽ അരി [illegible] 17 രൂപ, പഞ്ചാസര 23 രൂപ, ശർക്കര 28 രൂപ , ഉഴുന്നുപരിപ്പ് 50 രൂപ, പൊതുപരിപ്പ് 44 രൂപ, പരിപ്പ് 40 രൂപ് അങ്ങനെ വില വാണംപോലെ കുതിച്ചുയർന്നുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

പൊതുവിതരണ സമ്പ്രദായം ശക്തിപ്പെടുത്തി അടിയന്തിരമായി ഇടപെട്ട് വിലക്കയറ്റം തടയാൻ എന്ത് നടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, നിത്യോപയോഗസാധനങ്ങൾക്ക് വിലക്കയറ്റം ഉണ്ടായി എന്ന് ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചു പത്രത്തിൽ വാർത്ത വന്നുവെന്നാണ് അങ്ങ് പറഞ്ഞത്. അങ്ങ് പ്രതിനിധാനം ചെയ്യുന്ന പാർട്ടിയുടെ നേതൃത്വത്തിൽ ഇറങ്ങുന്ന ദേശാഭിമാനി പത്രത്തിൽ ഇന്ന് ഞാൻ വായിച്ചതാണ്. ഇന്ന് ആ വാർത്ത വന്നപ്പോൾ അങ്ങേയ്ക്ക് ആ ചോദ്യം ഉൾപ്പെടുത്തി ചോദ്യം ചോദിക്കുവാനും കഴിഞ്ഞു. ഇതിൽതന്നെ പറഞ്ഞിട്ടുണ്ട് `കേരളത്തിൽ മാവേലി സ്റ്റോറുകളിലും ശബരി സ്റ്റോറുകളിലും ഏറ്റവും അവസാനം മാർക്കറ്റുകളിലും.....` എന്നു പറഞ്ഞ ആ വാചകം കൂടി വായിക്കണമായിരുന്നു. ദേശാഭിമാനി പത്രത്തിൽ എടുത്തുപറഞ്ഞിരിക്കുന്നത് മാവേലി സ്റ്റോറുകളിൽക്കൂടി വിലകുറച്ച് സാധനങ്ങൾ നൽകുവാൻ കഴിയുന്നു എന്നാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, റേഷൻ സമ്പ്രദായം ഉൾപ്പെടെ പൊതുവിതരണ സമ്പ്രദായത്തിൽ ഇത്തരം പ്രതിസന്ധി നേരിടാൻ ഉണ്ടായിട്ടുള്ള പ്രധാനപ്പെട്ട കാരണം കേരളീയ സമൂഹത്തിന്റെ സാമ്പത്തിക വളർച്ചയും ആളുകൾക്ക് ക്രയശേഷി വളർന്നതും കേന്ദ്ര ഗവൺമെന്റിന്റെ പുതിയ നയങ്ങളും വാണിജ്യ രംഗത്തും ജീവിതത്തിന്റെ മറ്റ് എല്ലാ മേഖലകളിലും ഉണ്ടായിട്ടുള്ള പല ഘടകങ്ങളും കൊണ്ടാണ്. ഈ സിസ്റ്റം സ്ഥിരമായി അതേ രീതിയിൽ നിലനിൽക്കുകയില്ലെന്നുള്ളത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് ആധുനിക സാമ്പത്തിക വളർച്ചയും മറ്റും കണക്കിലെടുത്ത് കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ പൊതുവിതരണ സമ്പ്രദായം പുനഃസംഘടിപ്പിക്കുന്നതിനെക്കുറിച്ച് പഠനം നടത്താൻ ബഹുമാനപ്പെട്ട ഗവൺമെന്റ് കമ്മീഷനെ നിയോഗിക്കുമോ?

ശ്രീ. അടൂർ പ്രകാശ്: സർ, അത്തരം കാര്യങ്ങളിൽ പുനഃപരിശോധന നടത്തുന്നതാണ്.

ശ്രീ. എം. കുമാരൻ: സർ, കേരളത്തിൽ അന്നപൂർണ്ണ പദ്ധതി പ്രകാരം ഇപ്പോൾ അരി വിതരണം ചെയ്യുന്നുണ്ടോ; അങ്ങനെ വിതരണം ചെയ്യുന്നുണ്ടെങ്കിൽ എത്താണ് അരി കിട്ടാനുള്ള മാനദണ്ഡം; സംസ്ഥാനത്തെ എത്ര റേഷൻ കടകളിലൂടെയാണ് അന്നപൂർണ്ണ പദ്ധതിപ്രകാരം അരി ഇപ്പോൾ കൊടുക്കുന്നത്?

ശ്രീ. അടൂർ പ്രകാശ്: സർ, ഇതുസംബന്ധിച്ച് പ്രത്യേക ചോദ്യം ആവശ്യമാണ്. അന്നപൂർണ്ണ പദ്ധതി പ്രകാരം കേരളത്തിൽ അരി വിതരണം ചെയ്യുന്നുണ്ട്. 60 വയസ്സിനു മുകളിൽ പ്രായമുള്ള ആളുകളുടെ ജീവിത നിലവാരം വിലയിരുത്തിക്കൊണ്ടാണ് അന്നപൂർണ്ണ പദ്ധതിയിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോണിനെല്ലൂർ: സർ, നമ്മുടെ സംസ്ഥാനത്ത് പ്രിവിലേജ് കാർഡ് എന്നൊരു സിസ്റ്റം ഇൻട്രോഡ്യൂസ് ചെയ്തിട്ടുണ്ടോ; പ്രിവിലേജ് കാർഡ് തയ്യാറാക്കുന്ന മാനദണ്ഡം എന്താണെന്നും അതുവഴി ഉപഭോക്താവിന് കിട്ടുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

ശ്രീ. അടൂർ പ്രകാശ്: സർ, 1-2-2008 മുതൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഒരു പ്രിവിലേജ് കാർഡ് വിതരണം ചെയ്യാൻ തീരുമാനിച്ചു. ആ പ്രവിലേജ് കാർഡിന് അർഹതപ്പെട്ട ആളുകളെന്ന് പറയുന്നത്, കേരളത്തിലെ ബി. പി. എൽ. ലിസ്റ്റിൽ പെട്ടവരാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മുഴുവൻ അംഗങ്ങൾക്കും സൗജന്യമായി പ്രിവിലേജ് കാർഡ് നൽകുവാൻ സിവിൽ സപ്ലൈസ് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ട്. അപേക്ഷകൾ നൽകുന്ന മുറയ്ക്ക് അവർക്ക് കാർഡുകൾ വിതരണം ചെയ്യുന്നതാണ്. ഇതിന്റെ ആനുകൂല്യങ്ങൾ എന്നുപറയുന്നത് ഒരു ലക്ഷം രൂപവരെ ഇൻഷ്വറൻസ് പ്രീമിയം നൽകുന്നുണ്ട്. അതുപോലെതന്നെ ബാങ്ക് വായ്പപോലുള്ള ആനുകൂല്യങ്ങളും ലഭിക്കും, എട്ടര ശതമാനം പലിശയ്ക്ക് പ്രിവിലേജ് കാർഡ് കൈവശമുള്ള ആളുകൾക്ക് ബാങ്ക് വായ്പകൾ ലഭ്യമാക്കുന്നതാണ്.

സാശ്രയ പ്രൊഫഷണൽ കോളേജുകളിലെ പ്രവേശനത്തിന് 50% മെറിറ്റ് സീറ്റ് ഉറപ്പാക്കാൻ നടപടി

2 [*41] ശ്രീ. ടി. പി. രാമകൃഷ്ണൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, മഞ്ഞളാംകുഴിഅലി:

,, പി. സി. ജോർജ്: സർ, താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർലമെന്റ് പാസ്സാക്കിയ പുതിയ സാശ്രയ സംവരണ ബില്ലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പുതിയ നിയമം കൊണ്ടുവരുന്ന കാര്യം സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; എങ്കിൽ ഈ വർഷത്തെ പ്രൊഫഷണൽ കോഴ്സ് പ്രവേശന നടപടികൾ ആരംഭിക്കുന്നതിനുമുൻപ് പുതിയ നിയമം നിലവിൽ വരുമോ;

(ബി) കോടതി വിധികളുടെയും പുതിയ [illegible] നിയമത്തിന്റെയും അടിസ്ഥാനത്തിൽ സാശ്രയ കോളേജുകളിൽ 50% മെറിറ്റ് സീറ്റ് എന്ന നിലവിലുള്ള വ്യവസ്ഥ ഈ വർഷവും തുടരാൻ കഴിയുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ;